## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 3473

20.06.2019 ൽ ബഹു: മുഖ്യമന്ത്രി
മറുപടി നൽകേണ്ടത്

# ധനകാര്യ വകുപ്പിലെ പരിശോധന വിഭാഗം ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സണ്ണി ജോസഫ് | പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) മുൻ കോഴിക്കോട് കളക്ടർക്കെതിരെ വാഹന ദുരുപയോഗം സംബന്ധമായ വ്യാജ റിപ്പോർട്ട് തയ്യാറാക്കിയ ധനകാര്യ വകുപ്പിലെ പരിശോധന വിഭാഗം ഉദ്യോഗസ്ഥർക്കെതിരെ ചീഫ് സെക്രട്ടറിക്ക് പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പരാതിയിൽ ഇതിനകം സ്വീകരിച്ച നടപടി എന്തൊക്കെയാണ്; | കോഴിക്കോട് കളക്ടറുടെ വാഹന ദുരുപയോഗം സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കിയ ധനകാര്യ പരിശോധനാ വിഭാഗം ഉദ്യോഗസ്ഥർക്കെതിരെ പരാതി ലഭിച്ചിട്ടുണ്ട്. ടി റിപ്പോർട്ടിൻമേലുള്ള ഭരണവകുപ്പിന്റെ നടപടി റിപ്പോർട്ട് 04.06.2019 തീയതിയിൽ ധനകാര്യ വകുപ്പിൽ ലഭ്യമായതിനാൽ ഫയലിൽ തുടർനടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) ക്വാറി-മണൽ മാഫിയയുമായി ഗൂഢാലോചന നടത്തിയതായി ആരോപിക്കപ്പെട്ട പ്രസ്തുത ഉദ്യോസ്ഥരുടെ പേരും തസ്തികയും വെളിപ്പെടുത്തുമോ: | ചീഫ് സെക്രട്ടറിയ്ക്ക് നൽകിയ പരാതിയിൽ ധനകാര്യ പരിശോധന വിഭാഗം ഉദ്യോഗസ്ഥർ ക്വാറി-മണൽ മാഫിയയുമായി ഗൂഢാലോചന നടത്തിയതായി ആരോപണം ഉന്നയിച്ചിട്ടില്ല. |
| (സി) കുറ്റാരോപിതരായ മേല്പറഞ്ഞ ധനകാര്യ വകുപ്പിലെ പരിശോധന വിഭാഗം ഉദ്യോഗസ്ഥരുടെ കഴിഞ്ഞ അഞ്ച് വർഷത്തെ സ്വത്ത് വിവരം സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; അതിൽ വെളിപ്പെടുത്താത്ത വിവരങ്ങളെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്തുമോ എന്നറിയിക്കാമോ? | |

സെക്ഷൻ ഓഫീസർ